LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്തുകാരുടെ നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് പരിശീലനം, നൈപുണ്യം, ശേഷി വികസന പദ്ധതി. നെയ്ത്തുകാരുടെ ക്ഷാമം പരിഹരിക്കുന്നതിന് താൽപ്പര്യമുള്ള പുതിയ ആളുകൾക്ക് നൂതന സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നു. പുതിയ ഡൈകൾ, ഡൈയിംഗ് രീതികൾ, കളർ പാക്കേജുകൾ, പുതിയ ഡിസൈനുകൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം, പരിശീലനം എന്നിവ നെയ്ത്തുകാർക്കും, ഡൈയിംഗ് മാസ്റ്റർമാർക്കും നൽകിവരുന്നു. ഓർഗാനിക് ഡൈയിംഗ് എന്ന പേരിൽ പ്രകൃതിദത്തമായ ചായങ്ങൾ ഉപയോഗിച്ച് നൂൽ ഡൈ ചെയ്യുന്നതിന് പരിശീലനം നൽകിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പരിശീലനങ്ങൾക്കായി 105 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ മൂല്യവർദ്ധിതവും അധിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രോത്സാഹനവും എന്ന പദ്ധതിയിലൂടെ ശേഷി വികസനത്തിനും പുതിയ ഡിസൈൻ വികസനത്തിനും നെയ്ത്തുകാർക്ക് വിവിധയിനം പരിശീലനങ്ങൾ നൽകിവരുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്ന നെയ്ത്തുകാർക്ക് സ്റ്റൈപന്റ്, ട്രെയിനിംഗിനാവശ്യമായ അസംസ്കൃതവസ്തുക്കൾ വാങ്ങാൻ ധനസഹായം, പരിശീലകർക്കുള്ള വേതനം എന്നിവയും നൽകുന്നു.

**ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതി**

90 (5817) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര, അമരവിളയിൽ ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.വി.ഐ.എൻ.ഡി (റ്റി )3 എന്ന ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതിയെക്കുറിച്ച് ലഭിച്ച പരാതിയിൽ നടപടി സ്വീകരിച്ചോ;

(ബി) പ്രസ്തുത ക്രമക്കേടിനെ സംബന്ധിച്ച് ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ ; അതിന്മേൽ സംഘം ഭാരവാഹികളോട് വിശദീകരണം ആവശ്യപ്പെട്ടോ;

(സി) പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് ജില്ലാ, സംസ്ഥാന ഖാദിബോർഡ് സെക്രട്ടറിമാർക്ക് പലപ്രാവശ്യം പരാതി നൽകിയിട്ടും അന്വേഷണം നടത്താൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഏതെങ്കിലും സർക്കാർ ഏജൻസിയെ കൊണ്ട് പ്രസ്തുത അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) നെയ്യാറ്റിൻകര, അമരവിളയിൽ ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.വി.ഐ.എൻ.ഡി (റ്റി) 3 എന്ന ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതിയെക്കുറിച്ച് ലഭിച്ച പരാതിയിന്മേൽ ബോർഡിലെ അസിസ്റ്റന്റ് രജിസ്ട്രാർ സംഘം സന്ദർശിച്ച് പരാതിയെപ്പറ്റി അന്വേഷിച്ച് 19-4-2017-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ആഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല.

(സി) കെ.വി.ഐ.എൻ.ഡി.(റ്റി)3 എന്ന ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതിയെക്കുറിച്ച് ടി സംഘത്തിലെ അംഗമായ ശ്രീ. എസ്. വിജയൻ മുതൽ പേർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരനായ ശ്രീ. എസ്. വിജയനെ നേരിൽ കണ്ട് മൊഴി എടുക്കുകയും മേൽ നടപടികൾക്കായി പരാതിയും അനുബന്ധ രേഖകളും ഖാദി ബോർഡ് സെക്രട്ടറിയുടെ പേർക്ക് അയച്ചുകൊടുത്ത് അന്വേഷണം നടത്തി റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഖാദി ബോർഡ് തിരുവനന്തപുരം ജില്ലാ ഓഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ അന്വേഷണറിപ്പോർട്ട് ഇപ്പോൾ പരിശോധിച്ചുവരികയാണ്.

## കായിക നയം

91 (5818) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കായിക നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) കായിക സമ്പന്നമായിരുന്ന കേരളത്തിന്റെ ഇന്നലെകൾ ഇപ്പോൾ പിന്നോട്ടടിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കായികമേഖലയെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ മുൻകൈ എടുക്കാത്തതുമൂലം സ്കൂൾ മേളയിൽ പോലും കേരളം പിന്നിലാവുകയും കായികതാരങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് ചേക്കേറുകയും ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവരെ സംസ്ഥാനത്തുതന്നെ പിടിച്ചു നിർത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?